5. സംസ്ഥാനത്തെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും സുസ്ഥിര വികസനത്തിനായി അവ ന്യായയുക്തമായ രീതിയിൽ ഉപയോഗിക്കേണ്ടതിന്റെയും പ്രാധാന്യം പ്രദർശിപ്പിക്കുന്ന പരസ്യവസ്തുക്കൾ തയ്യാറാക്കുന്നു.

6. ജൈവവൈവിധ്യ പാരിസ്ഥിതിക വിഷയങ്ങളിൽ സെമിനാറുകൾ, ശിൽപശാലകൾ, ചർച്ചകൾ, ശാസ്ത്രീയ പഠനങ്ങൾ, സംരക്ഷണ നടപടികൾ എന്നിവയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സർക്കാരിതര സംഘടനകൾ, ഗവേഷകർ എന്നിവർക്ക് ധനസഹായം നൽകുന്നു.

വയനാട് ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതി

29(*179) ശ്രീ. യു. സി. രാമൻ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയുടെ വികസനം ലക്ഷ്യമിട്ട് ആയിരം കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഏതു തരത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; ഏത് ഏജൻസിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് ;

(സി) ആദിവാസികളുടെ ഉന്നമനവും അവർക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇതിനുവേണ്ട ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ,

(എ) പങ്കാളിത്ത വികസനത്തിലധിഷ്ഠിതമായി അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ മാതൃകയിൽ വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സേവനം ഉപയോഗപ്പെടുത്തി വയനാട്ടിലെ ആദിവാസികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നത്. അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (അഹാഡ്സ്) യാണ് പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യറാക്കിയിട്ടുള്ളത്.

(സി) വയനാട് ജില്ലയിലെ ആദിവാസികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിക്ക് ധനസഹായം നൽകിയ ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി ഫണ്ട് ലഭ്യമാക്കാൻ ധാരണയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly